

**യു.പി**

**കൂട**
നിർമ്മാണം



# പ്രവർത്തനം 4

# വർണ്ണപ്പട്ടങ്ങൾ

കൂട്ടുകാരേ,
കൊറോണ കാലത്ത് വീട്ടിലിരുന്ന് മടുത്തോ? ഒന്ന് പുറത്തിറങ്ങാൻ തോന്നുന്നില്ലേ? ചെറിയ കാറ്റുള്ള വൈകുന്നേരങ്ങളിൽ തുറസ്സായ സ്ഥലത്ത് ചെന്ന് ഒരു പട്ടം പറത്തി കളിക്കുന്നതിനെ പറ്റി എന്ത് തോന്നുന്നു.. രസമായിരിക്കും അല്ലേ? അതിന് പട്ടം വേണമല്ലോ?
**നമുക്ക് സ്വന്തമായൊരു പട്ടം നിർമിച്ച് നോക്കിയാലോ?**

ഈ പ്രവർത്തനത്തിന്റെ
വിശദീകരണ വീഡിയോ കാണാം



അറിയാം
നിറയാം
ഉയരാം

യുറീക്ക-ശാസ്ത്രകേരളം
വിജ്ഞാനോത്സവം

## യു.പി

**കൂട**
നിർമ്മാണം

# പ്രവർത്തനം 4



ചിത്രം 1

ഇതിന് വേണ്ടത് 2 ഷീറ്റ് പത്ര കടലാസും ബലമുള്ള 2ഈർക്കിളും കുറച്ച് നൂലും പശയും മാത്രം. എങ്ങനെയാണ് ഉണ്ടാക്കുക എന്ന് കേട്ടോളൂ... ഒരു പത്രകടലാസ് ചിത്രം 1 ൽ കാണുന്ന വിധം സമചതുരമാക്കുക.

അറിയാം
നിറയാം
ഉയരാം
യുറീക്ക-ശാസ്ത്രകേരളം
വിജ്ഞാനോത്സവം

യു.പി

കൂട
നിർമ്മാണം

# പ്രവർത്തനം 4

അതിന്റെ ഒരു മൂലയിൽ നിന്ന് എതിർമൂലയിലേയ്ക്ക് ഏകദേശം 60 cm ദൂരമുണ്ടാകും. ഇത്രയും നീളത്തിലുള്ള ഒരു ഈർക്കിൾ, ചിത്രം 2ൽ കാണുന്ന വിധം ഒട്ടിക്കുക.
(ഒട്ടിക്കാൻ 4x4 cm പേപ്പർ കഷ്ണങ്ങൾ മുറിച്ചെടുത്ത് പശതേച്ച് ഈർക്കിളിന് മുകളിൽ വെച്ച് അമർത്തിയാൽ മതി )


ചിത്രം 2

# യു.പി

## കൂട നിർമ്മാണം

# പ്രവർത്തനം 4

അടുത്ത ഈർക്കിൾ നേരത്തെ ഒട്ടിച്ച ഈർക്കിളിനേക്കാൾ 5cm കൂടുതൽ വരുന്ന നീളത്തിൽ (ഏകദേശം 65 cm) മുറിച്ചെടുക്കുക.അതിന്റെ രണ്ടറ്റങ്ങളും നൂല് പയോഗിച്ച് വലിച്ചുകെട്ടി ഒരു വില്ലുണ്ടാക്കണം.

ഈ വില്ല് അടുത്ത എതിർ മൂലകളിൽ വെച്ച് പേപ്പർ കഷ്ണങ്ങൾ ഉപയോഗിച്ച് ഒട്ടിച്ച് ചേർക്കണം.





# യു.പി

## കൂട നിർമ്മാണം



## പ്രവർത്തനം 4

ഇനി ചെവി വെക്കണം. ഇതിനായി 10 സെ.മീ. വീതിയും 15 സെ.മീ. നീളവുമുള്ള ഓരോ പേപ്പർ റിബൺ ഇരുവശത്തുമായി(വില്ലിൻ്റെ 2 അറ്റവും വരുന്ന വശം) ഒട്ടിച്ച തൂക്കിയിടുക.

പട്ടത്തിന്റെ തല തയ്യാറായി, വാലുകൂടി വേണ്ടേ? ഏകദേശം ഒന്നര മീറ്റർ നീളത്തിൽ 7 സെ.മീ വീതിയുള്ള ഒരു പേപ്പർ റിബൺ തയ്യാറാക്കി ചിത്രം 4 ൽ കാണുന്നതുപോലെ ഒട്ടിച്ചോളൂ...




അറിയാം
നിറയാം
ഉയരാം
യുറീക്ക-ശാസ്ത്രകേരളം
വിജ്ഞാനോത്സവം

യു.പി

കൂട
നിർമ്മാണം

# പ്രവർത്തനം 4

ചെവികളുടെയും വാലിൻ്റെയും താഴെ ഭാഗത്ത് ചെറിയ കീറലുകൾ ഉണ്ടായാൽ നന്നായിരിക്കും.
പട്ടം പൂർത്തിയായി കഴിഞ്ഞു.
ഇനി പട്ടം പറത്താനായി നൂല് കെട്ടേണ്ടേ? ഇവിടെയാണ് ശ്രദ്ധ കൂടുതൽ വേണ്ടത്. ഇതിനായി പട്ടത്തിന്റെ തലയിൽ ചിത്രം 5 ൽകാണുന്നതുപോലെ 4 ദ്വാരങ്ങൾ ഇടണം.





അറിയാം നിറയാം ഉയരാം
യുറീക്ക-ശാസ്ത്രകേരളം
വിജ്ഞാനോത്സവം



## യു.പി

### കൂട നിർമ്മാണം



# പ്രവർത്തനം 1

50 cm നീളമുള്ള നൂലെടുത്ത് പട്ടത്തിന്റെ അടിവശത്തു നിന്ന് ഒന്നാം ദ്വാരത്തിലൂടെ കോർത്ത് രണ്ടാം ദ്വാരത്തിലൂടെ അടിഭാഗത്തേയ്ക്ക് തന്നെ എടുക്കുക. തുടർന്ന് മൂന്നാം ദ്വാരത്തിലൂടെ മുകളിലേക്ക് കോർത്ത് നാലാം ദ്വാരത്തിലൂടെ അടിയിലേക്ക് എടുക്കുക. ഇപ്പോൾ നൂലിന്റെ രണ്ടറ്റവും പട്ടത്തിന്റെ അടിവശത്തായിരിക്കും ഈ അറ്റങ്ങൾ ചേർത്തുകെട്ടുക.

പട്ടം പറത്താനായി കരുതി വെച്ച നൂലുണ്ടയുടെ അറ്റം തലയുടെ താഴെയുള്ള നൂലിൽ കെട്ടി തുറസായ സ്ഥലത്ത് പറത്തി നോക്കൂ... മുകളിലേക്ക് പോകുന്നതിനനുസരിച്ച് നൂൽ കൂടുതൽ കൂടുതൽ സ്വതന്ത്രമാക്കികൊണ്ടിരിക്കാം. പട്ടം മേലേക്ക് പോകുമ്പോഴും നൂലിന്റെ അറ്റം വിടാതെ മുറുകെ പിടിക്കണേ....

**പട്ടനിർമ്മാണത്തിന്റെ ഒരു കുഞ്ഞു വീഡിയോ എടുക്കാൻ മറക്കരുത്. പട്ടം സൂക്ഷിച്ച് വെക്കണം.**



അറിയാം നിറയാം ഉയരാം

യുറീക്ക-ശാസ്ത്രകേരളം വിജ്ഞാനോത്സവം